ഉത്തരം

(എ) 1-1-1993-നും 31-7-1994-നും ഇടയ്ക്ക് സർവീസിലുണ്ടായിരുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാർ വകുപ്പുകളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്പെഷ്യൽ റിക്രൂട്ട്മെൻറ്

6 [1086] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെൻറ് വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തിയ വകുപ്പുകൾക്ക് എതിരായി എന്തു നടപടി സ്വീകരിച്ചു;

(സി) ഏതെല്ലാം വകുപ്പുകളാണ് വീഴ്ച വരുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) റിക്രൂട്ട്മെൻറ് വ്യവസ്ഥകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഏതെങ്കിലും വകുപ്പുകൾ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഈഴവ സമുദായത്തിലെ ലിസ്റ്റിൽ 'ഈഴുവ' 'ഇഴുവൻ' തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്താൻ നടപടി

7 [1087] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ 'ഇഴവ' 'ഈഴുവ' 'ഇഴുവൻ' തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നവർ യഥാർത്ഥത്തിൽ 'ഈഴവ' സമുദായക്കാരാണെന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 4-4-1995-ലെ മന്ത്രിസഭാ യോഗം കേരള സ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ പട്ടികയിലുള്ള ലിസ്റ്റ് III-ൽ (ഒ.ബി.സി.) ''ഈഴവ''രോടൊപ്പം ''ഈഴുവൻ'' തുടങ്ങിയ വിഭാഗങ്ങളെ ബ്രാക്കറ്റിൽ ചേർത്ത് ലിസ്റ്റ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly